# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.10/3100/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.10/3100/22 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-09-2021 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ദിനേശൻ. എം, ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ
ശ്രീ. മൊയ്തീൻ ഫാസിൽ. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.യൂസഫ് കൊടിയേങ്ങൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അബ്ദുൽ റഷീദ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ.അശോകൻ.എ.സി | സെക്രട്ടറി | 07-04-2021 | 08-05-2021 |
| ശ്രീ അബ്ദുൽ റഷീദ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-05-2021 | 04-07-2021 |
| ശ്രീമതി.ജാസില.കെ | സെക്രട്ടറി | 05-07-2021 | 01-09-2021 |
| ശ്രീമതി.മാലിനി.ജി.പിള്ള | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2021 | 09-09-2021 |
| ശ്രീ.വി. മുരളീധരൻ നായർ | സെക്രട്ടറി | 10-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിശ്വനാഥൻ എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ അജയകുമാർ .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. കാർത്തികേയൻ.പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.രഹ്ന.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ജാനിഫ് .കെ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു വിജയകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ജമീല കെ.കെ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ശ്രീമതി.ഫിറോസ്ന | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-05-2021 | 30-06-2021 |
| ശ്രീമതി.സമീറ മഞ്ഞപുലാൻ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ റഷീദ് കെ | അസി. സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീമതി.മാലിനി ജി. പിള്ള | അസി. സെക്രട്ടറി | 09-07-2021 | 31-03-2022 |
| ശ്രീമതി. ഗായത്രി. കെ. വി (അഡീഷനൽ ചാർജ്) | വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ) | 01-04-2021 | 22-05-2021 |
| ശ്രീമതി. അനിത. സി | വി.ഇ.ഒ (പുൽപ്പറമ്പ് | 23-05-2021 | 22-07-2021 |

| | | | |
|---|---|---|---|
| (ഫുൾ ചാർജ്ജ്) | സർക്കിൾ) | | |
| ശ്രീമതി. അഞ്ജന.പി (ഫുൾ ചാർജ്ജ്) | വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ) | 23-07-2021 | 12-08-2021 |
| ശ്രീമതി. ശാലിനി. പി | വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ) | 13-08-2021 | 06-01-2022 |
| ഒഴിവ് | വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ) | 07-01-2022 | 28-01-2022 |
| ശ്രീ. അജിത്കുമാർ | വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ) | 29-01-2022 | 31-03-2022 |
| ശ്രീമതി. അനിത. സി | വി.ഇ.ഒ (ഒഴൂർ സർക്കിൾ) | 01-04-2021 | 22-07-2021 |
| ശ്രീമതി. അഞ്ജന.പി | വി.ഇ.ഒ (ഒഴൂർ സർക്കിൾ) | 23-07-2021 | 28-01-2022 |
| ശ്രീ. ഗോകുൽ. എ. എസ് | വി.ഇ.ഒ (ഒഴൂർ സർക്കിൾ) | 29-01-2022 | 31-03-2022 |
| ശ്രീ. ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2021 | 02-11-2021 |
| ഒഴിവ് | കൃഷി ഓഫീസർ | 03-11-2021 | 10-11-2021 |
| ശ്രീ.ഷാജി. പി | കൃഷി ഓഫീസർ | 11-11-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക്-അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-12 |
| 13 | ലൈഫ് ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-13 |
| 14 | ലൈഫ് ഭവന നിർമ്മാണം-രേഖകൾ പൂർണ്ണമല്ല | 1-14 |
| 15 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-പദ്ധതിയിൽ അപാകത | 1-15 |
| 16 | ഡ്രൈവർക്ക് യാത്രാബത്ത ഇനത്തിൽ അധിക തുക നൽകി | 1-16 |
| 17 | ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല - 3,37,000/- രൂപ തടസ്സം ചെയ്യുന്നു | 1-17 |
| 18 | ഭൂജല സർവ്വേ നടത്തിയതിന്റെ വിവരം ലഭ്യമല്ല - 2,035/- രൂപ തടസ്സം ചെയ്യുന്നു | 1-18 |
| 19 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല - 13,969/- രൂപ തടസ്സം ചെയ്യുന്നു | 1-19 |
| 20 | സ്വയംതൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം - രേഖകൾ ലഭ്യമാക്കിയില്ല - 1,20,000/- രൂപ തടസ്സം ചെയ്യുന്നു | 1-20 |
| 21 | ന്യൂട്രിമിക്സ് വിതരണം - ബിൽ തുകയിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-21 |
| 22 | ഭിന്നശേഷി സ്കോളർഷിപ്പ് - അനർഹനായ ഗുണഭോക്താവിന് ധനസഹായം നൽകി - 28,500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-22 |
| 23 | രസീതി പരിശോധന- അപാകതകൾ | 1-23 |
| 24 | പണം തെറ്റായ അക്കൌണ്ടിലേക്ക് നിക്ഷേപിച്ചു | 1-24 |
| 25 | മാലിന്യത്തിന്റെ തൂക്കം എടുത്തതിലെ അപാകത | 1-25 |

| | | |
|---|---|---|
| 26 | വീട് വാസയോഗ്യമാക്കൽ-പദ്ധതിയിൽ അപാകത | 1-26 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-വാങ്ങൽ വിതരണ രേഖകളിലെ അപാകതകൾ | 1-27 |
| 28 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 29 | വെള്ളം ലഭ്യമല്ലാത്തതിനാൽ ശുചിമുറി പൊതു ജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ല | 1-29 |
| 30 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രജിസ്റ്ററുകൾ/ഫയലുകൾ /എസ്റ്റിമേറ്റുകൾ എന്നിവയുടെ സൂക്ഷിപ്പിലെ ന്യൂനതകൾ | 1-30 |
| 31 | ബാങ്ക് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 1-31 |
| 32 | കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല. | 1-32 |
| 33 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിച്ചു. | 1-33 |
| 34 | എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ സൈറ്റ് ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | 1-34 |
| 35 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-35 |
| 36 | ഓഡിയോ സംവിധാനം സ്ഥാപിച്ചിട്ടില്ല | 1-36 |
| 37 | ആദായ നികുതി കുറച്ചിട്ടില്ല. | 1-37 |
| 38 | പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി | 1-38 |
| 39 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2021-22 ലെ ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1(1), 19.02.2021 | 2(1), 25.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 12.05.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,18,67,227 |
| വരവ് | 7,27,05,256 |
| ആകെ | 9,45,72,483 |
| ചെലവ് | 6,85,13,228 |
| നീക്കിയിരിപ്പ് | 2,60,59,255 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,76,69,930 | 1,76,69,930 | 1,73,89,267 | 2,80,663 |
| വികസനഫണ്ട് എസ്.സി.പി. | 0 | 29,96,020 | 29,96,020 | 25,34,000 | 4,62,020 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,65,58,000 | 1,65,58,000 | 46,43,853 | 1,19,14,147 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 61,85,271 | 61,85,271 | 39,48,843 | 22,36,428 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 87,48,605 | 87,48,605 | 22,93,007 | 64,55,598 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 40,16,724 | 40,16,724 | 30,19,856 | 9,96,868 |
| ബി ഫണ്ട് | 0 | 6,86,18,980 | 6,86,18,980 | 6,86,18,980 | 0 |

### 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 10,02,19,792 | 129 | 5,23,79,036 | 0 | 89 | 59.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,96,793 | 12,74,127 | 17,70,920 | 14,77,035 | 2,93,885 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | - | 1,61,48,063 | 1,61,48,063 | 1,61,48,063 | - |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,080 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 18,16,100 | 110 |
| വിധവാപെൻഷൻ | 2,22,67,600 | 1445 |
| വാർദ്ധക്യകാലപെൻഷൻ | 3,65,32,800 | 2701 |
| വികലാംഗപെൻഷൻ | 69,98,200 | 456 |
| വിവാഹ ധനസഹായം | 4,20,000 | 14 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 5,80,200 | 37 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7947/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ബിൽ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. കണ്ടിജന്റ് ബിൽ നമ്പർ 52100318 മുതൽ 52100341 വരെയും, 52100352 മുതൽ 52100361 വരെയും, 52100433 മുതൽ 52100488 വരെയും വൗച്ചർ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 22100487 മുതൽ 22100504 വരെയുള്ള വൗച്ചറുകൾക്ക് തീയ്യതി രേഖപ്പെടുത്തിയിട്ടില്ല
2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01/08/2022 മുതൽ 30/09/2022 വരെ | 21.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2010 | 2004-05 മുതൽ 2009-2010 വരെ | 24.09.2010 |

## 1-11 വാർഷിക കണക്ക്-അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ,

62(2)(എഫ് )പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട് ജനറൽ, MG(Road) Fund എന്നിവയിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക കണക്ക് | ACR |
|---|---|---|
| Plan A | 1,71,45,343 | 1,73,89,267 |
| MG(R) | 41,12,049 | 46,43,853 |

3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Contractor's EMD ഇനത്തിൽ 600 രൂപ തൻമാസം വരവുണ്ട്. എന്നാൽ ആയത് RP-34 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. B-7 ഷെഡ്യൂൾ പ്രകാരം Contractor's Retention 53859 രൂപയും Auction Deposit 4600 രൂപയും ബാലൻസുണ്ട്. എന്നാൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി-[ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക] വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

A) തന്നാണ്ട്

| | Resi/ Non Resi | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | Resi | 2380906 | 2237341+8010 (Book Adjustment) =2245351 | 140592 |
| | Non Resi | 1068958 | 1039675+5945 (Book Adjustment) =1045620 | 24561 |
| വാർഷിക കണക്ക് | Resi | 2306170 | 2403562+8010 (Book Adjustment) =2411572 | 148481 |
| | Non Resi | 954368 | 871645+5945 (Book Adjustment) =877590 | 11819 |

B) കുടിശ്ശിക

| | Resi/ Non Resi | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | Resi | 276000 | 229841 | 47919 |
| | Non Resi | 94410 | 86822 | 7639 |
| വാർഷിക കണക്ക് | Resi | 270556 | 246856 | 24318 |
| | Non Resi | 92105 | 69342 | 22936 |

*ഓരോ നിരയിലെയും ബാലൻസ് ആയതിന്റെ ഡിമാന്റ്,കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

*ലൈബ്രറി സെസ്സിലും ഇപ്രകാരം വ്യത്യാസം നില നിൽക്കുന്നു.

6. ലഭ്യമാക്കിയ പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് (1477035), തൊഴിലാളികൾക്ക് നേരിട്ട് നൽകിയതുൾപ്പെടെ മറ്റ് റവന്യൂ ചെലവ് (12745616) കൂടി ആകെ റവന്യൂ ചെലവ് 14222651 രൂപയാണ്. എന്നാൽ ഇംകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ (ഷെഡ്യൂൾ-6) ഉൾപ്പെടുത്തിയത് 16505979രൂപയാണ്

7. B-5 ഷെഡ്യൂൾ പ്രകാരം 8924000 രൂപ വായ്പാ കുടിശ്ശികയുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

8. RP-47 ഷെഡ്യൂൾ പ്രകാരം കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്കിന് 13,969 രൂപയും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് 265000 രൂപയും മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത മുൻകൂർ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. B-4 ഷെഡ്യൂൾ പ്രകാരം ICDS, ജലനിധി, നബാർഡ് അസിസ്റ്റൻസ്, ജോയിന്റ് വെഞ്ചർ എന്നിവയിൽ ബാലൻസുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

10. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11. 2020-21 വാർഷിക കണക്ക് അപാകതകൾ പരിഹരിക്കാൻ ശേഷിക്കുന്നു.

1-11-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

താഴെ പറയുന്ന ഗ്രാന്റുകളുടെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | ACR | AFS |
|---|---|---|---|
| 1) വികസന ഫണ്ട്(ജനറൽ) | 19077609 | 17389267 | 17145343 |
| 2) വികസന ഫണ്ട്(എസ്.സി.പി.) | 2607334 | 2534000 | 2534000 |
| 3) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 4112049 | 4643853 | 4112049 |

## 1-12 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

1. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു. ഈ സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | 2021-22ൽ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, ഒഴൂർ | I, II |
| 2 | എം.ഐ.എം നഴ്സറി സ്കൂൾ, കോറാട് | I |

2. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | 2021-22ൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | വേദവ്യാസ നികേതൻ, ഒഴൂർ | I, II |
| 2 | അൽ ഇർഷാദ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മണലിപ്പുഴ | I, II |
| 3 | തിരൂർ ഫാർമേഴ്സ് സൊസൈറ്റി | I, II |
| 4 | ഗ്രാന്റ് ഇൻഡസ്ട്രീസ്, ഒഴൂർ | I, II |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് ലഭിച്ച മറുപടി പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ആവശേഷിക്കുന്ന വേദവ്യാസ നികേതൻ - ഒഴൂർ, അൽ ഇർഷാദ് ഇംഗ്ലീഷ് മീഡിയം സ്കൂൾ - മണലിപ്പുഴ, തിരൂർ ഫാർമേഴ്സ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്ന് പണം ഈടാക്കി രസീതികൾ ഓഡിറ്റിൽ ഹാജരാക്കുകയും എം.ഐ.എം നഴ്സറി സ്കൂൾ എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന വിവരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈഫ് ഭവന നിർമ്മാണം ആരംഭിച്ചില്ല

പ്രൊജക്റ്റ് നമ്പർ : 94/2022, ലൈഫ് ഭവന നിർമ്മാണം

അടങ്കൽ തുക : 17971000

പദ്ധതി വിഹിതം : 2971000 (പൊതു വിഭാഗം സാധാരണ വിഹിതം)

5000000 ( സംസ്ഥാനാവിഷ്കൃത ഫണ്ട്)

2500000 (ബ്ലോക്ക് പഞ്ചായത്ത്)

2500000 (ജില്ലാപഞ്ചായത്ത്)

5000000 (മറ്റുള്ളവ)

നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

ഈ പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. 2018-2019 കാലയളവിൽ പദ്ധതിയിൽ ഉൾപെട്ട ഭാനുമതി എന്ന ഉപഭോക്താവിന് ബിൽ നമ്പർ 9/03.09.2018 പ്രകാരം 40000/- രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി വ്യക്തി വീട് പണി ആരംഭിച്ചതിന്റെ രേഖകൾ ഒന്നും ലഭ്യമല്ല.

2. 2018-2019 കാലയളവിൽ പദ്ധതിയിൽ ഉൾപെട്ട സുനിത എന്ന ഗുണഭോക്താവ് ബേസ്മെന്റ് വരെയുള്ള പണികളേ പൂർത്തീകരിച്ചിട്ടുള്ളൂ. ടി വ്യക്തിക്ക് 7/04.12.2019 ബിൽ പ്രകാരം അഡ്വാൻസ് ഇനത്തിൽ 40000/- രൂപയും 28/22.01.2021 ബിൽ പ്രകാരം ബേസ്മെന്റ് വരെയുള്ള പണികൾ പൂർത്തീകരിച്ചത് പ്രകാരം 100000/- രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽ കൊടുത്ത ഗുണഭോക്താക്കൾ വീട് പണി പുനരാരംഭിക്കുന്നതിന് എടുത്ത നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 തീയതി, 16-12-22 ന് ലഭിച്ച മറുപടി പ്രകാരം ശ്രീമതി ഭാനുമതി എന്ന ഗുണഭോക്താവ് വീട് പണി ആരംഭിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ടി തുക തിരിച്ചടക്കാൻ തയ്യാറാണെന്നും സുനിത എന്ന ഗുണഭോക്താവ് ഡിസംബർ മാസം അവസാനത്തോടെ ഭവന നിർമ്മാണം ആരംഭിക്കാമെന്നും മറുപടി ലഭിച്ചിട്ടുണ്ട്. മേൽ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവന നിർമ്മാണം-രേഖകൾ പൂർണ്ണമല്ല

പ്രൊജക്റ്റ് നമ്പർ : 94/2022, ലൈഫ് ഭവന നിർമ്മാണം

അടങ്കൽ തുക : 1,79,71,000

പദ്ധതി വിഹിതം : 2971000 (പൊതു വിഭാഗം സാധാരണ വിഹിതം)

5000000 ( സംസ്ഥാനാവിഷ്കൃത ഫണ്ട്)

2500000 (ബ്ലോക്ക് പഞ്ചായത്ത്)

2500000 (ജില്ലാപഞ്ചായത്ത്)

5000000 (മറ്റുള്ളവ)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് അനുവദിക്കാവുന്നത്. പദ്ധതി മാർഗരേഖ പ്രകാരം നാല് ഘട്ടമായാണ് (10%-ബേസ്മെന്റ്, 40%-ലിന്റൽ, 40%-മേൽക്കൂര, 10%-പൂർത്തീകരണ ശേഷം) പണം അനുവദിക്കുന്നത്. ഓരോ ഘട്ടത്തിലും പണം അനുവദിക്കേണ്ടത് വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷമാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിവിധ ഘട്ടങ്ങളിൽ പണം അനുവദിച്ചത് വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കാതെയാണ്. മാത്രമല്ല പൂർത്തീകരിച്ച ഘട്ടങ്ങളുടെ ഫോട്ടോകളും പല ഫയലുകളിലും വച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായി തന്നെയാണോ പണം അനുവദിച്ചത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 തീയതി, 16-12-22 ന് പദ്ധതി നിർവ്വഹണ കാലത്തെ നിർവഹണോദ്യോഗസ്ഥൻമാരെ പരിശോധന റിപ്പോർട്ട് വെയ്ക്കുന്നതിനായി അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-പദ്ധതിയിൽ അപാകത

പ്രൊജക്റ്റ് നമ്പർ : 98/2022, വയോജനങ്ങൾക്ക് കട്ടിൽ നൽകൽ

അടങ്കൽ തുക : 4,85,900/- (പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 4,84,380/- രൂപ (ബിൽ നമ്പർ. 365/30-03-2022)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മേൽ പദ്ധതി പ്രകാരം 117 ഗുണഭോക്താക്കൾക്കാണ് കട്ടിൽ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ 65 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. ഈ അപേക്ഷകൾക്കൊപ്പം വ്യക്തിഗതരേഖകൾ (ആധാർ കാർഡ്, റേഷൻ കാർഡ്) ഹാജരാക്കിയിട്ടുണ്ടെങ്കിലും അപേക്ഷകൾ പൂരിപ്പിക്കുകയോ അപേക്ഷൻ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

2. 60 വയസ് കഴിഞ്ഞ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്ത ഗുണഭോക്താക്കൾക്ക് 60 വയസ് കഴിഞ്ഞിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു. (ആധാർ കാർഡ് പ്രായം നിർണ്ണയിക്കുന്നതിനുള്ള രേഖയല്ലെങ്കിലും, മറ്റ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിലാണ് പരാമർശം ഉന്നയിച്ചിട്ടുള്ളത്)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ജനന തീയ്യതി (ആധാർ കാർഡ് പ്രകാരം) |
|---|---|---|
| 1 | നബീസു പി.പി | 01.01.1963 |
| 2 | അബ്ദുള്ള എൻ.കെ | 1962 |
| 3 | കാരിക്കുട്ടി | 01.01.1962 |
| 4 | പദ്മാവതി | 1963 |
| 5 | സുബൈദ | ആധാർ കാർഡ് സമർപ്പിച്ചിട്ടില്ല (അപേക്ഷ ഉണ്ട്) |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 തീയതി, 16-12-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 ഡ്രൈവർക്ക് യാത്രാബത്ത ഇനത്തിൽ അധിക തുക നൽകി

ഒഴൂർ ഗ്രാമപഞ്ചായത്തിലെ ഡെയിലി വേജ് ഡ്രൈവറായ ശ്രീ. ഹർഷാദ് എന്നവർക്ക് 2021 ജനവരി മുതൽ 2022 ജനവരി വരെയുള്ള കാലയളവിലെ യാത്രാബത്തയായി 13,948/- രൂപ 31.03.2022 തീയ്യതിയിലെ 22100977 നമ്പർ തനത് ഫണ്ട് വൗച്ചർ മുഖേന നൽകിയിട്ടുണ്ട്. ഔദ്യോഗിക വാഹനത്തിൽ നടത്തിയ ഓരോ യാത്രയ്ക്കും ഒരു ദിനബത്ത തുകയായ 350/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. കെ.എസ്.ആർ ഭാഗം IIലെ ചട്ടം 110, ഇതിന്റെ തുടർച്ചയായ നോട്ട് 2 എന്നിവ പ്രകാരം ഔദ്യോഗിക വാഹനത്തിൽ നടത്തി അതെ ദിവസം തിരിച്ചെത്തുന്ന യാത്രകൾക്ക് 1/2 ദിനബത്തക്കാണ് അർഹതയുള്ളത്. ഈ ചട്ടത്തിന് വിരുദ്ധമായി ഒരു ദിന ബത്ത അനുവദിച്ചതിനാൽ, ശ്രീ. ഹർഷാദിന് യാത്രാബത്ത ഇനത്തിൽ താഴെ പട്ടികയിൽ കൊടുത്ത പ്രകാരം അധികം തുക അനുവദിക്കാൻ ഇടയായിട്ടുണ്ട്.

| മാസം | യാത്രാബത്ത (₹) | | | |
|---|---|---|---|---|
| | ക്ലെയിം ചെയ്തത് | അനുവദിച്ചത് | അനുവദിക്കാവുന്നത് (TA Ceiling 1380 Per Month) | അധികം നൽകിയത് |
| 01/2021 | 1x350=350 | 350 | 175 | 175 |
| 02/2021 | 6x350=2100 | 1656 | 1050 | 606 |
| 04/2021 | 5x350=1750 | 1380 | 875 | 505 |
| 05/2021 | 6x350=2100 | 1380 | 1050 | 330 |
| 06/2021 | 7x350=2450 | 1380 | 1225 | 155 |
| 07/2021 | 3x350=1050 | 1050 | 525 | 525 |
| 08/2021 | 10x350=3500 | 1656 | 1656 | 0 |
| 09/2021 | 10x350=3500 | 1434 | 1656 | -222 |
| 10/2021 | 11x350=3850 | 1656 | 1656 | 0 |
| 11/2021 | 1x350=350 | 350 | 175 | 175 |
| 01/2022 | 9x350=3150 | 1656 | 1575 | 81 |
| ആകെ | 24150 | 13948 | 11618 | 2330 |

ഈ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 19.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 21/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യാത്രാബത്ത ഇനത്തിൽ അധികം കൈപ്പറ്റിയ തുക 2,330/- അധിക ചെലവുണ്ടായിട്ടുണ്ട്.

## 1-17 ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല - 3,37,000/- രൂപ തടസ്സം ചെയ്യുന്നു

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം കൈമാറുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം, പേര് | കൈമാറിയ തുക (₹) | ബിൽ നം/തീയ്യതി, ഫണ്ട് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 271/2022 - മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് ധനസഹായം | 2,65,000 | BRN:21150552005801149665/14.02.22, വികസന ഫണ്ട് ജനറൽ |
| 2 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 72,000 | BRN:21150552005801218955/25.02.22, വികസന ഫണ്ട് ജനറൽ |
| | ആകെ | 3,37,000 | |

ഈ തുകകൾ മേൽ ആവശ്യങ്ങൾക്കായി ചെലവഴിച്ചത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനും, ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 19.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 18/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,37,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 ഭൂജല സർവ്വേ നടത്തിയതിന്റെ വിവരം ലഭ്യമല്ല - 2,035/- രൂപ തടസ്സം ചെയ്യുന്നു

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 198/2022 |
| പേര് | : | വെട്ടുകുളം അങ്കണവാടിക്ക് കുഴൽക്കിണറും മോട്ടോറും സ്ഥാപിക്കൽ |
| നിർവ്വഹണം | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 1,00,000/- (തനത് ഫണ്ട്) |
| ചെലവ് (₹) | : | 2,035/-<br>(വൗച്ചർ നം. 22100974/31.03.2022) |

വെട്ടുകുളം അങ്കണവാടിക്ക് കുഴൽക്കിണറും മോട്ടോറും സ്ഥാപിക്കുന്നതിന് ഭൂജല സർവ്വേ നടത്തുന്നതിനായി ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ GM/561/22 നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരം 2,035/-രൂപ മേൽ പ്രൊജക്ട് പ്രകാരം 31.03.2022ന് കൈമാറിയിട്ടുണ്ട്. എന്നാൽ ഭൂജല സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. ഭൂജല സർവ്വേ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിനും, ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 19.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 19/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂജല സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2,035/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല - 13,969/- രൂപ തടസ്സം ചെയ്യുന്നു

ഒഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3 സഫാ മസ്ജിദ് തിരുവങ്ങാട്ട് വിഷ്ണുക്ഷേത്രം റോഡിൽ ഉള്ള T/6A നമ്പർ വൈദ്യുതി പോസ്റ്റ് മാറ്റുന്നതിനായി കെ.എസ്.ഇ.ബി താനാളൂർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 2167362100657 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 13,969/- രൂപ 28.10.2021 തീയ്യതിയിലെ 22100448 നമ്പർ തനത് ഫണ്ട് വൗച്ചർ പ്രകാരം

കൈമാറിയിട്ടുണ്ട്. (05.10.2021 തീയ്യതിയിലെ 30/4 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം). എന്നാൽ ഈ തുക മേൽപ്രവൃത്തിയ്ക്കായി വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല, ഈ വിഷയത്തിന്മേൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 27/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 13,969/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 സ്വയംതൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം - രേഖകൾ ലഭ്യമാക്കിയില്ല - 1,20,000/- രൂപ തടസ്സം ചെയ്യുന്നു

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 110/2022 |
| പേര് | : | സ്വയംതൊഴിലിനായി ഓട്ടോറിക്ഷ |
| നിർവ്വഹണം | : | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 1,20,000/- (വികസന ഫണ്ട് എസ്.സി.പി )<br>4,00,000/- (ഗുണഭോക്തൃ വിഹിതം - ബാങ്ക് ലോൺ)<br>5,20,000/- |
| ചെലവ് (₹) | : | 1,20,000/- (വികസന ഫണ്ട് എസ്.സി.പി)<br>4,00,000/- (ഗുണഭോക്തൃ വിഹിതം - ബാങ്ക് ലോൺ)<br>5,20,000/- |

സ്വയംതൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് മേൽപ്രകാരം പ്രോജക്ട് രൂപീകരിച്ച് താഴെപ്പറയുന്ന ഗുണഭോക്താക്കൾക്കുള്ള ബാക്ക് എന്റ് സബ്സിഡി ധനസഹായം കേരള ഗ്രാമീൺ ബാങ്ക്, പുൽപ്പറമ്പ് ശാഖയ്ക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവ് | സബ്സിഡി തുക (₹) | ബിൽ വിവരം |
|---|---|---|---|
| 1 | ശ്രീ. മുരളി, ചുളിക്കുന്നത്ത് | 60,000 | BRN:21150552031001212240/21.02.22, ₹1,20,000/- (വികസന ഫണ്ട് എസ്.സി.പി) |
| 2 | ശ്രീ. കെ.വി. ഉണ്ണികൃഷ്ണൻ, പന്നക്കാട്ട് ഇല്ലത്തുപടി വീട് | 60,000 | |
| | ആകെ | 1,20,000 | |

ഈ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചത് സംബന്ധിച്ചോ ഇവരുടെ പേരിൽ വാഹനം വാങ്ങിയതും രജിസ്റ്റർ ചെയ്തതും സംബന്ധിച്ചോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. ആയവ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 28/2021-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,20,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ന്യൂട്രിമിക്സ് വിതരണം - ബിൽ തുകയിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തില്ല

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 2/2022, അങ്കണവാടി പോഷകാഹാരം |

| | | |
|---|---|---|
| അടങ്കൽ തുക (₹) | : | 18,00,000/- (വികസന ഫണ്ട് പൊതു വിഭാഗം)<br>45,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>63,00,000/- |
| ചെലവ് (₹) | : | 18,00,000/- (വികസന ഫണ്ട് പൊതു വിഭാഗം)<br>43,18,758/- (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>61,18,758/- |
| നിർവ്വഹണം | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(1) മേൽ പ്രൊജക്ട് വഴി 25,46,634/- രൂപ ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ താഴെ പറയും പ്രകാരം പ്രിയം ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അനുവദിച്ച ബിൽ തുകയുടെയും ഈടാക്കേണ്ട ജി.എസ്.ടി - ടി.ഡി.എസിന്റെയും യും വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം/തീയ്യതി, തുക, ഫണ്ട് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക (₹) | ടാക്സ്, കടത്തുകൂലി ഒഴികെയുള്ള തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് (₹) |
|---|---|---|---|---|---|
| 1 | 22100258/04.08.21 ₹9,18,650/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 23/30.01.21 | 2,01,718.12 | 1,90,750 | 48,210 |
| | | 25/27.02.21 | 2,00,977.87 | 1,90,050 | |
| | | 2/31.03.21 | 1,87,283.25 | 1,77,100 | |
| | | 2/30.04.21 | 1,48,050 | 1,40,000 | |
| | | 4/31.05.21 | 1,80,621 | 1,72,020 | |
| 2 | 22100493/19.11.21 ₹2,13,475/-, കേന്ദ്രാവിഷ്കൃത ഫണ്ട് (മുൻ ഇൻവോയ്സുകൾ പ്രകാരം കടത്തുകൂലിയുടെ ജി.എസ്.ടി തെറ്റായി നൽകിയ തുക ഈ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട് ) | 12/30.09.2021 | 2,13,857.7 | 2,02,230 | |
| 3 | 22100494/19.11.21 ₹5,27,434/-, കേന്ദ്രാവിഷ്കൃത ഫണ്ട് (മുൻ ഇൻവോയ്സുകൾ പ്രകാരം കടത്തുകൂലിയുടെ ജി.എസ്.ടി തെറ്റായി നൽകിയ തുക ഈ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട് ) | 8/31.07.21 | 3,67,506.36 | 3,47,523.75 | |
| | | 10/31.08.21 | 1,60,143.84 | 1,51,436.25 | |
| 4 | 22100655/24.12.21 ₹2,02,760/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 14/30.10.21 | 202828.50 | 1,91,800 | |

| | | | | | |
|---|---|---|---|---|---|
| | (ഇൻവോയ്സ് പ്രകാരം കടത്തുകൂലിയുടെ ജി.എസ്.ടി തെറ്റായി കണക്കാക്കിയ തുക ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്) | | | | |
| 5 | 22100656/24.12.21 ₹2,41,758/-, കേന്ദ്രാവിഷ്കൃത ഫണ്ട് (ഇൻവോയ്സ് പ്രകാരം കടത്തുകൂലിയുടെ ജി.എസ്.ടി തെറ്റായി കണക്കാക്കിയ തുക ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്) | 6/30.06.21 | 2,41,839.68 | 2,28,690 | |
| 6 | 22100657/24.12.21 ₹2,16,783/-, കേന്ദ്രാവിഷ്കൃത ഫണ്ട് (ഇൻവോയ്സ് പ്രകാരം കടത്തുകൂലിയുടെ ജി.എസ്.ടി തെറ്റായി കണക്കാക്കിയ തുക ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്) | 16/30.11.21 | 2,16,856.23 | 2,05,065 | |
| 7 | 22100897/24.03.22 ₹2,25,774/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 18/31.12.21 | 2,25,774 | 2,13,750 | |
| | | ആകെ | 25,47,456.55 | 24,10,415 | 48,210 |

(2) മേൽ പ്രൊജക്ട് വഴി 3,92,233/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം ആനന്ദം ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അനുവദിച്ച ബിൽ തുകയുടെയും ഈടാക്കേണ്ട ജി.എസ്.ടി - ടി.ഡി.എസിന്റെയും വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം/ തീയ്യതി, തുക, ഫണ്ട് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക (₹) | ടാക്സ്, കടത്തുകൂലി ഒഴികെയുള്ള തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് (₹) |
|---|---|---|---|---|---|
| 1 | 22100492/19.11.21 ₹1,34,452/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 46/30.09.21 | 68,591 | 65,325 | 7,470 |
| | | 43/ലഭ്യമല്ല | 65,861 | 62,725 | |

| | | | | | |
|---|---|---|---|---|---|
| 2 | ബിൽ നം. 10/27.12.21 ₹1,17,250/-, വികസന ഫണ്ട് പൊതു വിഭാഗം | 60/30.11.21 | 58,250 | 55,477 | |
| | | 54/30.10.21 | 59,000 | 56,191 | |
| 3 | ബിൽ നം. 14/14.02.22 ₹66,250/-, വികസന ഫണ്ട് പൊതു വിഭാഗം | 71/30.12.21 | 66,250 | 63,096 | |
| 4 | 22100899/24.03.22 ₹73,501/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 79/09.02.22 | 73,501 | 70,001 | |
| 5 | ബിൽ നം. 16/31.03.22 ₹780/-, വികസന ഫണ്ട് പൊതു വിഭാഗം (ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ ₹780 മാത്രം ഈ ബില്ലിൽ നൽകി) | 86/ലഭ്യമല്ല | 59,750 | 780 (നൽകിയത്) | |
| | | ആകെ | 4,51,203 | 3,73,595 | 7,470 |

(3) മേൽ പ്രൊജക്ട് വഴി 6,84,863/- രൂപ ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് താഴെ പറയും പ്രകാരം ബിസ്മി ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അനുവദിച്ച ബിൽ തുകയുടെയും ഈടാക്കേണ്ട ജി.എസ്.ടി - ടി.ഡി.എസിന്റെയുംവിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം/തീയ്യതി, തുക, ഫണ്ട് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക (₹) | ടാക്സ്, കടത്തുകൂലി ഒഴികെയുള്ള തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് (₹) |
|---|---|---|---|---|---|
| 1 | ബിൽ നം. 4/27.10.21 ₹1,15,920/-, വികസന ഫണ്ട് പൊതു വിഭാഗം | 13/10.07.21 | 1,15,920 | 1,10,400 | |
| 2 | ബിൽ നം. 6/10.11.22 ₹3,51,855/-, വികസന ഫണ്ട് പൊതു വിഭാഗം | 2/03.09.21 | 1,18,440 | 1,12,800 | |
| | | 14/01.10.21 | 90,720 | 86,400 | 13,050 |
| | | 25/13.08.21 | 1,42,695 | 1,35,900 | |
| 3 | ബിൽ നം. 12/27.01.22 ₹70,088/-, വികസന ഫണ്ട് പൊതു വിഭാഗം | 36/09.12.21 | 70,088 | 66,750 | |

| | | | | | |
|---|---|---|---|---|---|
| 4 | ബിൽ നം. 13/14.02.22 ₹70,500/-, വികസന ഫണ്ട് പൊതു വിഭാഗം | 53/12.01.22 | 70,500 | 67,142.86 | |
| 5 | 22100900/24.03.22 ₹76,500/-, കേന്ദ്രാവിഷ്കൃത ഫണ്ട് | 57/03.02.22 | 76,500 | 72,857.14 | |
| | | ആകെ | 6,84,863 | 6,52,250 | 13,050 |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 19.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 16/2021-22ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യുന്നത് സംബന്ധിച്ച അറിവില്ലായ്മ മൂലം സംഭവിച്ച പിഴവാണെന്നും, നിലവിൽ ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യുന്നുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുക കൈപ്പറ്റിയ സ്ഥാപനങ്ങളുടെ ജി.എസ്.ടി റിട്ടേൺ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ഭിന്നശേഷി സ്കോളർഷിപ്പ് - അനർഹനായ ഗുണഭോക്താവിന് ധനസഹായം നൽകി - 28,500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | | |
|---|---|---|
| പദ്ധതി | : | 3/2022, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ തുക (₹) | : | 20,74,600/- |
| ചെലവ് (₹) | : | 20,72,300/- |
| നിർവ്വഹണം | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രൊജക്ട് പ്രകാരം ശ്രീ. ഡിവൈൻ രാജ. ബി എന്ന വിദ്യാർത്ഥിക്ക് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 28,500/- രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ റഫറൻസ് നം/തീയ്യതി, ആകെ ബിൽ തുക | നൽകിയ തുക (₹) | ഫണ്ട് |
|---|---|---|---|
| 1 | 2115055204060059O889/31.10.21, ₹9,97,500 | 17,500 | വികസന ഫണ്ട് പൊതു വിഭാഗം |
| 2 | 211505520406010539 86/20.01.22, ₹3,19,500 | 11,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | | | |
|---|---|---|---|
| | ആകെ | 28,500 | |

എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള GHSS താനൂർ ദേവദാർ പ്രിൻസിപ്പലിന്റെ 19.07.2021 തീയ്യതിയിലെ സാക്ഷ്യപത്രത്തിൽ 2018-19 അദ്ധ്യയന വർഷത്തിൽ താനൂർ ദേവദാർ GHSSൽ പ്ലസ് ടു ക്ലാസിൽ പഠിച്ചിരുന്നതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ശ്രീ.ഡിവൈൻ രാജ. ബി 2021-22 വർഷത്തിൽ വിദ്യാഭ്യാസം നടത്തിയത് സംബന്ധിച്ച് രേഖകൾ ലഭ്യമല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 19.12.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 16/2021-22ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിദ്യാർത്ഥി 2021-22 വർഷത്തിൽ ജി-ടെക് കമ്പ്യൂട്ടർ എജ്യൂക്കേഷൻ, താനാളൂർ എന്ന സ്ഥാപനത്തിൽ ഒരു വർഷത്തെ കമ്പ്യൂട്ടർ കോഴ്സിൽ പങ്കെടുത്തിട്ടുള്ളതായി സ്ഥാപനമേധാവി നൽകിയ സാക്ഷ്യപത്രം മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. ആദ്യം ഹാജരാക്കിയ സർട്ടിഫിക്കറ്റിലെ അപാകത ചൂണ്ടിക്കാണിച്ചപ്പോൾ പകരം മറ്റൊരു സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ആധികാരികത സംശയകരമാക്കുന്നുണ്ട്. ജി-ടെക് കമ്പ്യൂട്ടർ എജ്യൂക്കേഷൻ എന്ന സ്ഥാപനം സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് മേഖലയിൽ ഉള്ള സ്ഥാപനമല്ല എന്നതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ അനർഹനായ വിദ്യാർത്ഥിക്ക് മേൽപ്പറഞ്ഞ പ്രകാരം അനുവദിച്ച 28,500/-രൂപയുടെ സ്കോളർഷിപ്പ് ഇനത്തിലെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രം പരിശോധിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ വ്യക്തമായ അഭിപ്രായം കോഴ്സ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-23 രസീതി പരിശോധന- അപാകതകൾ

2021-22 വർഷത്തെ രസീതി വരവുകൾ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. രസീതി പുസ്തകം 25668/100 പ്രകാരം ബഷീർ കുണ്ടിൽ പരേങ്ങാട്ട് എന്ന വ്യക്തി 24.03.2022 തിയ്യതിയിൽ 196/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

2. രസീതി പുസ്തകം 1545/89-100, 1548/1-37 പ്രകാരം 24.11.2021 തിയ്യതിയിൽ 19957/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഫണ്ടിലേക്ക് 19829/- രൂപയേ അടവാക്കിയിട്ടുള്ളൂ.

കുറവ് വന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ചെറുതാണെങ്കിലും താൽക്കാലിക പണാപഹരണത്തിന് തുല്യമാണ്. മേൽ പരിശോധന നടത്താൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥർ ആണ് നിർവ്വഹിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു.

## 1-24 പണം തെറ്റായ അക്കൌണ്ടിലേക്ക് നിക്ഷേപിച്ചു

പ്രൊജക്ട് നമ്പർ : 173/2022

പ്രൊജക്ടിന്റെ പേര് : പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് വിനിയോഗം

അടങ്കൽ തുക : 240000/-(കേന്ദ്രാവിഷ്കൃതഫണ്ട്)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

കക്കൂസ് നവീകരണത്തിന് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തിലാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി പ്രകാരം എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 12000/- രൂപയാണ് അനുവദിക്കുന്നത്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പദ്ധതിയിൽ ഉൾപ്പെട്ട വിലാസിനി തച്ചിലത്ത് പറമ്പിൽ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ രേഖകൾ പ്രകാരം 67080678360 ആണ്. ആയതിലേക്ക് 23.12.2021ന് റിക്വസിഷൻ നമ്പർ 5097300901210040 പ്രകാരം 6000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിലേക്ക് രണ്ടാം ഗഡു 6000/- രൂപ അനുവദിച്ചത് റിക്വസിഷൻ നമ്പർ 5097300901210060 തീയ്യതി 21.03.2022 പ്രകാരം 67381521249- ലേക്കാണ്. എന്നാൽ ഈ അക്കൗണ്ട് പദ്ധതിയിൽ ഉൾപ്പെടാത്ത വിലാസിനി പന്നിക്കാട്ട് എന്ന വ്യക്തിയുടേതാണ്.

2. പദ്ധതിയിൽ ഉൾപ്പെട്ട താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് പണം അനുവദിച്ചത് വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് കൂടാതെയാണ്. പണി പൂർത്തിയാക്കിയതിന്റെ രേഖയായി സമർപ്പിച്ചിട്ടുള്ളത് ഗുണഭോക്താവ് നിർമ്മിതിയുടെ മുമ്പിൽ നിന്നിട്ടുള്ള ഫോട്ടോയാണ്. വി.ഇ.ഒ സൈറ്റിൽ പോയി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫോട്ടോ സമർപ്പിക്കാതെയും

ചില ഗുണഭോക്താക്കൾക്ക് പണം അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മൊയ്തീൻ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 2 | ആസ്യ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 3 | ദേവകി | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 4 | ബുഷ്റ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 5 | ഗിരിജ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 6 | വിലാസിനി | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല<br>പണി പൂർത്തിയാക്കിയത് കാണിക്കുന്ന ഫോട്ടോ ലഭ്യമാക്കിയിട്ടില്ല. |
| 7 | വേലായുധൻ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല<br>പണി പൂർത്തിയാക്കിയത് കാണിക്കുന്ന ഫോട്ടോ ലഭ്യമാക്കിയിട്ടില്ല |
| 8 | യശോധ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല<br>പണി പൂർത്തിയാക്കിയത് കാണിക്കുന്ന ഫോട്ടോ ലഭ്യമാക്കിയിട്ടില്ല |
| 9 | ഇബ്രാഹീംകുട്ടി | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 10 | സമീറ | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |
| 11 | പാത്തുട്ടി | വി.ഇ.ഒ യുടെ പരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 തീയതി, 20-12-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-25 മാലിന്യത്തിന്റെ തൂക്കം എടുത്തതിലെ അപാകത

പ്രൊജക്ട് : 281/2022, മാലിന്യങ്ങൾ സുരക്ഷിതമായി കയ്യൊഴിയൽ

അടങ്കൽ തുക : 937275/- (കേന്ദ്രാവിഷ്കൃതഫണ്ട്)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (പുൽപ്പറമ്പ് സർക്കിൾ)

മേൽ പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിയുമായി ഒരു കിലോഗ്രാം മാലിന്യം നീക്കം ചെയ്യുന്നതിന് 10/- രൂപ എന്ന നിരക്കിലാണ് കരാർ വെച്ചിട്ടുള്ളത്. കരാർ പ്രകാരം നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കം സെക്രട്ടറി ഉത്തരവാദിത്തപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മാലിന്യത്തിന്റെ തൂക്കം കാണിക്കുന്ന രേഖകളിൽ (വെയ് ബ്രിഡ്ജിൽ നിന്നും വാഹനം ലോഡ് ഇല്ലാതെയും ലോഡ്

നിറച്ചും തൂക്കിയതിന്റെ ബിൽ) സെക്രട്ടറി ഉത്തരവാദിത്തപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. തൻ വർഷം പദ്ധതി പ്രകാരം വെയ് ബ്രിഡ്ജിൽ നിന്നുള്ള ബില്ല് പ്രകാരം നീക്കം ചെയ്ത മാലിന്യത്തിന്റെ ആകെ തൂക്കവും തുക അനുവദിച്ച രേഖകളിൽ കാണിച്ച് മാലിന്യത്തിന്റെ ആകെ തൂക്കവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

എ) വെയ് ബ്രിഡ്ജിൽ നിന്നുള്ള ബില്ല് പ്രകാരം നീക്കം ചെയ്ത മാലിന്യത്തിന്റെ തൂക്കം

| ക്രമ നം. | ബിൽ നമ്പർ | നീക്കം ചെയ്ത മാലിന്യത്തിന്റെ തൂക്കം (കിലോഗ്രാമിൽ) |
|---|---|---|
| 1 | 5382/03.06.21 | 6170 |
| 2 | 78965/01.07.21 | 10460 |
| 3 | 10691/05.08.21 | 5350 |
| 4 | 10722/06.08.21 | 5360 |
| 5 | 6663/06.08.21 | 5120 |
| 6 | 8380/26.1021 | 5590 |
| 7 | 8388/26.10.21 | 4980 |
| 8 | 8411/27.10.21 | 5090 |
| 9 | 8413/27.10.21 | 5170 |
| 10 | 8415/27.10.21 | 7170 |
| 11 | 8500/30.10.21 | 5100 |
| ആകെ തൂക്കം | | 65560 |

ബി) തുക അനുവദിച്ച ബില്ലിൽ മാലിന്യത്തിന്റെ തൂക്കം

| ക്രമ നം. | ബിൽ നമ്പർ | മാലിന്യത്തിന്റെ തൂക്കം (കിലോഗ്രാമിൽ) |
|---|---|---|
| 1 | D22/SER 21-22/06 തീയ്യതി 15.06.21 | 12255 |
| 2 | D22/SER 21-22/83 തീയ്യതി 16.07.21 | 16220 |
| 3 | D22/SER 21-22/181 തീയ്യതി 14.09.21 | 25245 |
| 4 | D22/SER 21-22/345 തീയ്യതി 10.11.21 | 21851 |
| ആകെ തൂക്കം | | 75571 |

നീക്കം ചെയ്ത മാലിന്യത്തിന്റെ തൂക്കവും തുക അനുവദിച്ച ബില്ലിൽ മാലിന്യത്തിന്റെ തൂക്കവും തമ്മിൽ 10011 (75571-6560) കിലോഗ്രാമിന്റെ വ്യത്യാസം കാണുന്നുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24 തീയതി, 20-12-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ-പദ്ധതിയിൽ അപാകത

പ്രൊജക്ട് നമ്പർ : 108/2022, വാസ യോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കൽ

അടങ്കൽ തുക : 1800000

പദ്ധതി വിഹിതം : 1487500 (പ്ലാൻ ഫണ്ട് പൊതു വിഭാഗം)

312500 (തനത് ഫണ്ട്)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

മേൽ പദ്ധതിയുടെ മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധന സഹായത്തിന് അർഹതയുള്ളൂ.എന്നാൽ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ഈ മാനദണ്ഡം

പാലിക്കപ്പെട്ടിട്ടില്ല.അപാകതകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.

| ക്രമ നം | രജിസ്റ്റർ പ്രകാരം ക്രമ നം | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 52 | വള്ളി കോടിയേരി | സെക്രട്ടറി അനുവദിച്ച് ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് പ്രകാരം ബിൽഡിംഗ് നിർമ്മിച്ചിട്ട് 8 വർഷം പൂർത്തിയായിട്ടില്ല |
| 2 | 64 | ജുബൈരിത്ത് | സെക്രട്ടറി അനുവദിച്ച് ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് പ്രകാരം ബിൽഡിംഗ് നിർമ്മിച്ചിട്ട് 8 വർഷം പൂർത്തിയായിട്ടില്ല |
| 3 | 6 | ഭാസ്കരൻ | സെക്രട്ടറി അനുവദിച്ച് ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് പ്രകാരംബിൽഡിംഗ് നിർമ്മിച്ചിട്ട് 8 വർഷം പൂർത്തിയായിട്ടില്ല |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 തീയതി, 16-12-22ന് വള്ളി കോടിയേരി എന്ന ഗുണഭോക്താവിന്റെ വീടിന് 2022 -ൽ 8 വർഷം പൂർത്തിയാകും എന്നും, ഭാസ്കരൻ തിരുവങ്ങാട്, ജുബൈരിയത്ത് കാവുങ്ങൽ എന്നിവരുടെ വീട് 2021 -ൽ 8 വർഷം പൂർത്തിയാകും എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. 2013-2014 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ച വീടിന് 2021-2022 സാമ്പത്തിക വർഷം കഴിയുമ്പോളാണ് 8 വർഷം പൂർത്തിയാകുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-വാങ്ങൽ വിതരണ രേഖകളിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 197/2022

പ്രൊജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-ജനറൽ(സ്പിൽ ഓവർ)

അടങ്കൽ തുക : 4,87,919/- രൂപ (പ്ലാൻഫണ്ട് ജനറൽ)

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (ഒഴൂർ സർക്കിൾ)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ മിനട്സ് പരിശോധിച്ചപ്പോൾ 31.08.2021 തീയതിയിൽ ഫയൽ നമ്പർ എ4/1564/21 തീരുമാന നമ്പർ 1 പ്രകാരം മേൽ പദ്ധതിക്ക് സമർപ്പിച്ച ടെണ്ടറുകളിൽ കെ.പി ഫർണിച്ചർ ഓമശ്ശേരി, കാലിക്കറ്റ് എന്ന സ്ഥാപനം ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും എന്നാൽ ടി സ്ഥാപനത്തിന് കട്ടിൽ വിതരണം ചെയ്യാൻ സാധിക്കാതെ വന്നതിനാൽ രണ്ടാമത്തെ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ഫിറ്റ് വെൽ ഫർണിച്ചർ കുരിയച്ചിറ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് കട്ടിൽ പർച്ചെയ്സ് ചെയ്യുകയും ചെയ്തതായി കണ്ടു. എന്നാൽ മേൽ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും പ്രൊക്യൂർമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കെ.പി ഫർണിച്ചർ, ഓമശ്ശേരി, കാലിക്കറ്റ് എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിൽ ആണോ ഫിറ്റ് വെൽ ഫർണിച്ചർ കുരിയച്ചിറ, തൃശ്ശൂർ എന്ന സ്ഥാപനം കട്ടിൽ വിതരണം ചെയ്തത്, മേൽ സ്ഥാപനങ്ങൾക്ക് ഇ.എം.ഡി തിരിച്ച് നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഒന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധനക്ക് ഹാജറാക്കേണ്ടതാണ്.

2. ബിൽ നമ്പർ 13/30.03.2022 പ്രകാരം ഒരു കട്ടിലിന് 3189/- രൂപ നിരക്കിൽ 153 കട്ടിലിന് 487919/- രൂപ ഫിറ്റ് വെൽ ഫർണിച്ചർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കട്ടിലിന്റെ വിതരണ രജിസ്റ്റർ ഹാജരാക്കിയത് പ്രകാരം 151 കട്ടിലുകളേ വിതരണം ചെയ്തിട്ടുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 25 തീയതി, 20-12-22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വിതരണം ചെയ്യാത്ത 102 കട്ടിലുകളുടെ വിലയായ 3,25,278/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്റ്റുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വൈലത്തൂർ ശാഖയിൽ ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഉള്ള 00000038869300903 നമ്പർ കറന്റ് അക്കൗണ്ടിൽ 31.12.2020 മുതൽ ടെണ്ടർ ഫീ ക്രഡിറ്റ് ആകുന്നുണ്ട്. എന്നാൽ ഈ തീയ്യതിക്ക് മുമ്പ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയ ടെണ്ടർ ഫീ മുഴുവനും ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ മുഴുവൻ തുകയും ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ഫീ മുഴുവനും ലഭ്യമാകാത്ത പക്ഷം ആയതിന് വേണ്ട നടപടി സ്വീകരിച്ച് തുക ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 3/21-22/15-12-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ 17-12-2022 ലെ AE/LSGD/Audit /2020-21 നമ്പർ മറുപടിയിൽ EE യുടെ ഓഫീസിൽ നിന്നും ടെണ്ടർ ഫീ ഇനത്തിൽ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 വെള്ളം ലഭ്യമല്ലാത്തതിനാൽ ശുചിമുറി പൊതു ജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ല

പ്രൊജക്ട് : 179/22, ടേക്ക് എ ബ്രേക്ക് പൊതു ശുചിമുറി നിർമ്മാണം -

TS No : 94645/2020-2021, DsoR 2016 COI 31.06.%

അടങ്കൽ : 600000 (180000 CFC, 420000 ശുചിത്വ മിഷൻ ഫണ്ട്)

ചെലവ് : 468953 രൂപ (ചെക്ക് നം.864454/11.2.2022 288953, ബിൽ നം.9/11.2.2022 180000)

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ.

ഈ പ്രജക്ട് 15.1.2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അജയകുമാർ.പി യുടെ സാന്നിധ്യത്തിൽ 16.12.2022 ന് പ്രൊജക്ട് ഭൗതിക പരിശോധന നടത്തിയതിൽ ശുചിമുറി ഇതു വരെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച അന്വേഷണത്തിന് വെള്ളം ലഭ്യമല്ലാത്തതിനാലാണ് ശുചിമുറി തുറന്ന് കൊടുക്കാത്തതെന്നും, 2022-23 ൽ ശുചിമുറിയിലേക്ക് വെള്ളം ലഭ്യമാക്കുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ മറുപടി നൽകി.

ശുചിമുറി നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റിൽ തന്നെ ശുചിമുറിയിലേക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്താതിരുന്നതുമൂലമാണ് ഈ അപാകത ഉണ്ടായിട്ടുള്ളത്. ഇതു കാരണം 5 ലക്ഷത്തോളം രൂപ

ചെലവഴിച്ച് നിർമ്മിച്ച ശുചിമുറി ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുകയാണ്. വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം. 15/17.12.2022 മറുപടി നമ്പർ. AE/LSGD/Audit/2020-21 തീയതി, 17-12-22 അപാകത ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## 1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രജിസ്റ്ററുകൾ/ഫയലുകൾ/എസ്റ്റിമേറ്റുകൾ എന്നിവയുടെ സൂക്ഷിപ്പിലെ ന്യൂനതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ 2021-22 വർഷത്തെ പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ,ഫയലുകൾ, എസ്റ്റിമേറ്റുകൾ, എന്നിവയുടെ സൂക്ഷിപ്പ് പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1. സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച ശേഷം ഫേം പിരീഡ് അവസാനിക്കുന്നതിന് മുമ്പ് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകണം. സെലക്ഷൻ നോട്ടീസ് അയക്കുന്ന തീയ്യതി ആയത് കൈപ്പറ്റിയ തീയ്യതിയായി പരിഗണിക്കും. എന്നാൽ കരാറുകാർക്ക് ഇപ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ രേഖകൾ ബഹു ഭൂരിഭാഗം പ്രൊജക്റ്റുകളുടെ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

2. സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2102.1 പ്രകാരം കരാർ ഒപ്പുവച്ചശേഷം പത്ത് ദിവസത്തിനകം കരാറുകാരൻ പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് ആയതിന് തെളിവായി ഫോറം 2100A യിൽ അക്നോളഡ്ജ്മെന്റ് നൽകണം. എന്നാൽ ഇപ്രകാരമുള്ള അക്നോളഡ്ജ്മെന്റുകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

3. എസ്റ്റിമേറ്റുകളിൽ നരേഷൻ രേഖപ്പെടുത്തുന്നില്ല.

ചില പ്രൊജക്റ്റുകളുടെ വിശദമായ എസ്റ്റിമേറ്റിൽ ഓരോ ഇനം പ്രവൃത്തികളും എവിടെയാണ് (ഉദാ-പ്ലാറ്റ് ഫോം, ഫൌണ്ടേഷൻ എന്നിങ്ങനെ) നിർവ്വഹിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹിക്കേണ്ട പ്രവൃത്തികളുടെ സ്പെസിഫിക്കേഷനും അളവുകളും മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇത് ക്രമപ്രകാരമല്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ഭാവിയിൽ ആവർത്തിക്കില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി . മറുപടി അംഗീകരിക്കുന്നു. അപാകതകൾ ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതാണ്.

## 1-31 ബാങ്ക് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു.

പരിശോധനക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേററ്മെന്റ് പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വൈലത്തൂർ ശാഖയിൽ ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഉള്ള 00000038869300903 നമ്പർ കറന്റ് അക്കൗണ്ടിൽ 20.12.2022 ന് 419448.81 രൂപ നീക്കിയിരിപ്പുണ്ട്. 20.7.2022 ന് ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. ട്രഷറിയിൽ നിന്ന് ട്രാൻസ്ഫർ ആയും, ഗ്രമ പഞ്ചായത്തിൽ നിന്ന് ചെക്ക് മുഖേനെയും, ടെണ്ടർ സെറ്റിൽമെന്റ് ഇനത്തിലും (ടെണ്ടർ ഫീ) ഈ അക്കൗണ്ടിൽ തുകകൾ ക്രഡിറ്റ് ആയിട്ടുണ്ട്. അക്കൗണ്ടിൽ ക്രഡിറ്റ് ആയ തുകകൾ അതത് സമയം തന്നെ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കാത്തതും, ടെണ്ടർ ഫീ ഇനത്തിൽ ക്രഡിറ്റ് ആയ തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റാതിരുന്നതുമാണ് ഇത്ര വലിയ തുക നീക്കിയിരിപ്പായി അക്കൗണ്ടിൽ അവശേഷിക്കാൻ കാരണം. ഈ സാഹചര്യത്തിൽ 20.12.2022 ന് അക്കൊണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 419448.8 രൂപയുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. സർക്കാരിലേക്കും, ക്ഷേമ നിധിയിലേക്കും, ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിനുംകരാറുകാർക്കും നൽകാൻ അവശേഷിക്കുന്ന തുകകൾ താമസം കൂടാതെ നൽകി വിവരം അറിയിക്കേണ്ടതാണ്.

നിലവിൽ ഈ അക്കൗണ്ട് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിന് ഉപയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. നിലവിൽ ഏത് അക്കൗണ്ടിലാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നത് എന്ന് അറിയിക്കേണ്ടതാണ്.

## 1-32 കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

2012 ലെ PWD മാന്വൽ സെക്ഷൻ 2009.6 പ്രകാരം, സെലക്ഷൻ മെമ്മോ കൈപ്പറ്റുന്ന തീയ്യതി മുതൽ 14 ദിവസം വരെ പിഴ കൂടാതെയും (മെമ്മോ തപാൽ മുഖേന അയക്കുന്ന അവസരത്തിൽ അത് പോസ്റ്റ് ചെയ്ത തീയ്യതി കൈപ്പറ്റ് തീയ്യതിയായി കണക്കാക്കും), തുടർന്ന് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കിയും മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പുവയ്ക്കുന്നതിന് കരാറുകാരെ അനുവദിക്കാവുന്നതാണ്. ഈ കാലപരിധിക്കുള്ളിൽ കരാർ ഒപ്പുവച്ചില്ലെങ്കിൽ അത്തരം

കരാറുകാരുടെ EMD മുതൽ കൂട്ടേണ്ടതും, പ്രൊജക്ട് നിർവ്വഹണത്തിന് മറ്റ് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാർ ഒപ്പു വച്ചത് സെലക്ഷന് മെമോ കൈപ്പറ്റി 14 ദിവസം കഴിഞ്ഞാണ്. എന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിവരവും, മറ്റ് വിശദാംശങ്ങളും. | ചുമത്തേണ്ട പിഴ |
|---|---|---|
| | പ്രൊജക്ട് : 217/22 എരനെല്ലൂർ സുബ്രഹ്മണ്യ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ : 300000 തനത് ഫണ്ട്<br>ചെലവ് : 297914 ചെക്ക് നമ്പർ 0870168/11.11.2021<br>ടി.എസ്. നം : 24069/2020-2021<br>കരാർ നമ്പർ: 34/AE/LSGD/OZR/17.8.2020<br>എംബുക്ക് നം: 107/2020-21<br>കരാറുകാരൻ : ഹംസാദ് ജാൻ.എം<br>സെലക്ഷൻ നോട്ടീസ്- നമ്പർ. ഇല്ല, തീയ്യതി. വ്യക്തമല്ല.<br>സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി - 28.7.2020<br>പിഴയില്ലാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയ്യതി -10.8.2020<br>1%പിഴയോടെ കരാർ ചമയ്ക്കാവുന്ന അവസാനതീയ്യതി - 20.8.2020<br>കരാർ ചമച്ച തീയ്യതി - 17.8.2020<br>ടെണ്ടേർഡ് PAC - 265532.37 | 265532.371x1%= 2655 |

കരാറുകാരനിൽ നിന്നും മേൽപ്പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം5/2021-22/15.12.2022 ക്ക് തന്ന മറുപടിയിൽ പിഴ അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

പിഴ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-33 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിച്ചു.

താഴെ കൊടുത്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ആയത് പരിഹരിക്കുകയുണ്ടായി.

| പ്രൊജക്ട് | അപാകത | പരിഹരിച്ചതിന്റെ വിവരം |
|---|---|---|
| അയ്യംമുക്കിൽ ഇടവഴി റോഡ് പുനരുദ്ധാരണം (211/22) | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാല താമസം. പിഴ ഈടാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം4/21-22/ 15-12-2022) | കരാറുകാരനിൽ നിന്നും 2862.00 രൂപ പിഴ ഈടാക്കി. |
| കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ പുനരുദ്ധാരണവും പ്രവേശന കവാടം നിർമ്മാണവും ( 178/22) | അളവെടുത്തതിലെ അപാകത മൂലം അധികച്ചെലവുണ്ടായി (ഓഡിറ്റ് എൻക്വയറി നം23/2021-22 /20-12-2022 | കരാറുകാരൻ 3656 രൂപ തിരിച്ചടവാക്കി. |

## 1-34 എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ സൈറ്റ് ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പ്രകാരം 31.3.2022 ന് 29388150 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ 23.12.2022 ലെ എ4/61/22 നമ്പർ കത്തു മുഖേന സെക്രട്ടറി ലഭ്യമാക്കിയത് താഴെ കൊടുക്കുന്നു.

| തുക | വിശദാംശം |
|---|---|
| 227590 | സൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിനായി 2020-21, 2021-22 വർഷങ്ങളിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ വകയിരുത്തിയ ലംപ്സം തുക എം.ജി.എൻ.ആർ.ഇ.ജി.എസ് ബാങ്ക് അക്കൗണ്ടിൽ (നം.67059844064 എസ്.ബി.ടി.) ക്രഡിറ്റ് ചെയ്തത് |
| 66294.50 | പലിശ |

എം.ഐ.എസിൽ പ്രവ്യത്തികൾ പൂർത്തീകരിച്ചതായി രേഖപ്പെടുത്തുന്നതിന് സൈറ്റ് ബോർഡ് സ്ഥാപിച്ച് ജിയോടാഗ് ചെയ്യേണ്ടതുണ്ട്. സൈറ്റ് ബോർഡുകൾ സ്ഥാപിക്കാത്തതിനാൽ ഇത് ചെയ്യാൻ സാധിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചു.

2020-21 ലെ പ്രവൃത്തികളുടെ സൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് നാളിതു വരെ ടെണ്ടർ ക്ഷണിച്ചിട്ടില്ല. അതേ സമയം പ്രസ്തുത വർഷത്തെ 47 പ്രവൃത്തികളുടെ സൈറ്റ് ബോർഡ് 2019-20 വർഷത്തെ ടെണ്ടർ നിരക്കിൽ, @1300/- ഒന്നിന്, അതേ കരാറുകാരൻ മുഖേന സ്ഥാപിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. 2019-20 നെ അപേക്ഷിച്ച് 2020-21 ൽ വില നിലവാരത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട് എന്ന കാര്യം കണക്കിലെടുത്താൽ ഈ നടപടിമൂലം ഗ്രാമ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. എങ്കിലും ടെണ്ടർ ക്ഷണിക്കാതെ ഇപ്രകാരം പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. അവശേഷിക്കുന്ന പ്രവൃത്തികളുടെ സൈറ്റ് ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും, 2020-21 ൽ ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർവ്വഹിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

ഈ പ്രവൃത്തി പുതുതായി ടെണ്ടർ ചെയ്യുമ്പോൾ, 2020-21 ലെ വില നിലവാരം അടിസ്ഥാനമാക്കി വിലയിരുത്തി, അധികച്ചെലവ് ഉണ്ടായിട്ടുണ്ട് എന്ന് കാണുന്ന പക്ഷം ആയത് യഥാസമയം പ്രവൃത്തി ടെണ്ടർ ചെയ്ത് നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ അക്രഡിറ്റഡ് എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും ബാധ്യതയായി കണക്കാക്കേണ്ടതാണ്.

2021-22 ലെ പ്രവൃത്തികളുടെ സൈറ്റ് ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇതുവരെ 11 പ്രവൃത്തികളുടെ തുകകൾ മാത്രമാണ് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടുള്ളത്. 95500 രൂപ ഇനിയും ക്രഡിററ് ആകാൻ അവശേഷിക്കുന്നുണ്ടെന്ന് സെക്രട്ടറി മേൽ സൂചന കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് സൈറ്റ് ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും താമസം കൂടാതെ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ : 30/2021-22, ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ-ഹോമിയോ
അടങ്കൽ : 2,00,000/- (Maintenance Fund Non Road)
ചെലവ് : 2,00,000/- (ബിൽ 01/15.11.2021: 2,00,000/- രൂപ)

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ - PF514/06.09.2021 ന്റെ അടിസ്ഥാനത്തിൽ 2,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിരുന്നു. എന്നാൽ താഴെ കൊടുത്ത ഇൻവോയ്സുകൾ പ്രകാരം, 1,51,756/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ.

LF 651 തീയതി 02.09.2022തുക 66,326/-

LF2795 തീയതി 23.03.2022 തുക 85,430/-

അവശേഷിക്കുന്ന 48,244/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/15-12-2022 ന് ഹോംകോയിലേക്ക് റിമൈൻഡർ അയച്ചിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ വിവരം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-36 ഓഡിയോ സംവിധാനം സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് :192 /22, കോറാട് സ്കൂളിൽ ഓഡിയോ സംവിധാനം ഒരുക്കൽ

നിർവ്വഹണം :ഹെഡ് മാസ്റ്റർ

ബിൽ നം: 21150552040800795662/16.12.21: 112835/- (MG NR)

പ്രസ്തുത പദ്ധതി പ്രകാരം KL020923493202122M/06.01.22 നമ്പർ ചലാൻ മുഖേന 112835/- രൂപ PWD ELECTRONICS തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഓഡിയോ സംവിധാനം കോറാട് സ്കൂളിൽ സ്ഥാപിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 29/ 20.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഓഡിയോ സംവിധാനം സ്ഥാപിച്ച വിവരം രേഖകൾ സഹിതം അറിയിക്കുന്നത് വരെ 112835 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-37 ആദായ നികുതി കുറച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ 268/22, കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ജനറേറ്റർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം KEL ന് 1092095 രൂപ നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം 30KVA ജനറേറ്റർ വാങ്ങുകയും KEL ആയത് ഇൻസ്റ്റാൾ ചെയ്ത് നൽകിയിട്ടുമുണ്ട്.

| ബിൽ നം.-തിയ്യതി | ഇൻവോയ്സ് നം. തിയ്യതി | തുക |
|---|---|---|
| 40301435900/24.3.22 | 618/28.2.22 | 6,00,000 (ജി.എസ്.റ്റി91525.60) |
| 40301435933/24.3.22 | 651/15.3.22 | 4,92,095 (ജി.എസ്.റ്റി75065.40) |
| ആകെ | | 10,92,095 ( ജി.എസ്.റ്റി.166591) |

1961 ലെ ആദായ നികുതി നിയമം 194 C അനുസരിച്ച് ഒരു പ്രവൃത്തിയുടെ മൂല്യം ഒരു ലക്ഷം രൂപയോ അതിലധികമോ വരുന്ന പക്ഷം പ്രവൃത്തി നടത്തുന്നത് ഒരു സ്ഥാപനമാണെങ്കിൽ ബില്ലിലെ നികുതി മുതലായ തുകകൾ ഒഴിച്ചുള്ള തുകയ്ക്ക് 2% ആദായ നികുതി കുറക്കേണ്ടതുണ്ട്.(925504x2%=18510രൂപ).ആദായ നികുതി കുറയ്ക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 32/ 20.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി

പ്രോജക്ട് : 09/22, പരിരക്ഷാ പദ്ധതി

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രസ്തുത പദ്ധതി പ്രകാരം 4അംഗങ്ങളടങ്ങിയ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് 350 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. 07.03.2019ലെ സ.ഉ(സാധാ) 553/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് (പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ) ഖണ്ഡിക 2.6.5 പ്രകാരം ഒരാൾക്ക് 80 രൂപ നിരക്കിലാണ് ഭക്ഷണ ചെലവ് അനുവദിക്കേണ്ടത്. ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ട് | ബിൽ/ ചെക്ക് നം.&തീയതി | തുക | റിമാർക്സ് |
|---|---|---|---|
| വികസന ഫണ്ട് | 21150552040300098905/ 02.6.2021 | 97046 | 2021മാർച്ച്, ഏപ്രിൽ,മെയ് മാസത്തെ ചെലവ്. ഭക്ഷണ ചെലവ് 17150/-(49x350) 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 1470രൂപ (49 X30) |
| | 21150552040300176826/ 06.7.2021 | 39091 | 2021ജൂൺ മാസത്തെ ചെലവ്. ഭക്ഷണ ചെലവ് 5950/-(17x350) 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 510രൂപ (17 X30) |
| | 21150552040300282022/ 09.8.2021 | 41180 | 2021ജൂലൈ മാസത്തെ ചെലവ്. ഭക്ഷണ ചെലവ് 6300/-(18x350) 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 540രൂപ (18 X30) |
| | 21150552040300384347/ 08.9.2021 | 44105 | 2021ഓഗസ്റ്റ് മാസത്തെ ചെലവ്. ഭക്ഷണ ചെലവ് 6650/-(19x350) 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 570രൂപ (19 X30) |
| ആകെ | | | 3090രൂപ അധികം |

ഓഗസ്റ്റിന് ശേഷം 80രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. പട്ടികയിൽ പരാമർശിച്ച മാസങ്ങളിൽ അധിക നിരക്കിൽ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 31/ 20.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയതുക തിരിച്ചടക്കേണ്ടതാണ്.

## 1-39 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ പരിരക്ഷ, FHC യിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | പ്രൊഫോർമ ഇൻവോയ്സ് നം. | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം | മരുന്ന് വില | |
| 10/22 FHCയിലേയ്ക്ക് മരുന്ന് വാങ്ങൽ | 40300219516/20.07.21 | 6,00,000 (MG NR) | PRF1040/ 06.07.21 | 10480/27.12.21 | 79164 | 139417 |
| | | | | 10483/27.12.21 | 2735 | |
| | | | | 10485/27.12.21 | 88055 | |
| | | | | 15352/30.3.22 | 91549 | |
| | | | | 724/21.4.22 | 139186 | |
| | | | | 1066/25.4.22 | 34474 | |
| | | | | 16720/10.11.22 | 11828 | |
| | | | | 18681/24.11.22 | 13592 | |
| ആകെ | | | | | 460583 | |

മേൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 3/22 | 5,00,000 | 0 |

| | | | | |
|---|---|---|---|---|
| | 1,19,419 | അഗതി രഹിത കേരളം – 5/22 | 1,19,419 | 0 |
| | 1,47,800 | പരിരക്ഷാ പദ്ധതി – 9/22 | 1,47,800 | 0 |
| | 16,72,731 | ലൈഫ് ഭവന നിർമ്മാണം – 94/22 | 16,72,731 | 0 |
| | 3,23,800 | നെൽകൃഷി വികസനം 102/22 | 3,23,800 | 0 |
| | 63,528 | വയോജനങ്ങൾക്കുള്ള യോഗാപരിശീലന കേന്ദ്രം വൈദ്യുതീകരണം – 180/22 | 63,528 | 0 |
| ജില്ലാ പഞ്ചായത്ത് | 4,97,700 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 3/22 | 4,97,700 | 0 |
| | 1,00,000 | നെൽകൃഷി വികസനം – 102/22 | 1,00,000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഷിഫ്റ്റിംഗ് ഓഫ് ഇലക്ട്രിക് പോസ്റ്റ് സഫാ മസ്ജിദ് -തിരുവങ്ങാട്ട് വിഷ്ണു ക്ഷേത്രം റോഡ് | 22100448/ 28.10.2021 | 13,969 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | ലഭ്യമല്ല | 13,969 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | | 10112000 | 1188000 | . | 8924000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3388489 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3388489 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3634155 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 7647) | 876726 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8178) | 1403268 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8496) | 1354161 |
| ആകെ | 3634155 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2018-19 | എൻക്വയറി നം: 20 തിയ്യതി 29/07/2020 | 4000 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 1<br>2150100904,24/08/2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/sp.cell/sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -Do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/sp.cell/sc D1/11 Dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -Do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 7,27,05,256 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,85,13,228 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,39,617 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3,37,000 | ശ്രീ. വി. മുരളീധരൻ നായർ, സെക്രട്ടറി |
| 1-18 | 2,035 | ശ്രീ. വി. മുരളീധരൻ നായർ, സെക്രട്ടറി |
| 1-19 | 13,969 | ശ്രീ. വി. മുരളീധരൻ നായർ, സെക്രട്ടറി |
| 1-20 | 1,20,000 | ശ്രീമതി. മാലിനി. ജി പിള്ള, അസി. സെക്രട്ടറി |
| 1-22 | 28,500 | ശ്രീമതി. സമീറ മഞ്ഞപുലാൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-27 | 3,25,278 | ശ്രീ. ഗോകുൽ. എ.എസ്, വി.ഇ.ഒ. |
| 1-36 | 1,12,835 | ശ്രീ.വിശ്വനാഥൻ. എം, ഹെഡ് മാസ്റ്റർ |
| ആകെ | 9,39,617 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ.എം.പി.എം.10/2032/2022(2), തീയ്യതി 03.10.2022 | 3 |
| 1999-2000 | കെ.എസ്.എ.എം.പി.എം.10/2032/2022(3), തീയ്യതി 03.10.2022 | 8 |
| 2000-2001 | കെ.എസ്.എ.എം.പി.എം.10/2518/2019(4), തീയ്യതി 12.03.2021 | 2 |
| 2001-2002 | കെ.എസ്.എ.എം.പി.എം.10/1136/2018, തീയ്യതി 06.08.2018 | 6 |
| 2002-2003 | കെ.എസ്.എ.എം.പി.എം.10/2518/2019(5), തീയ്യതി 08.03.2021 | 7 |

| | | |
|---|---|---|
| 2004-2005 | കെ.എസ്.എ.എം.പി.എം.10/2032/2022(4), തീയ്യതി 03.10.2022 | 3 |
| 2006-2007 | കെ.എസ്.എ.എം.പി.എം.10/2032/2022(5), തീയ്യതി 03.10.2022 | 12 |
| 2007-2008 | കെ.എസ്.എ.എം.പി.എം.10/2032/2022(6), തീയ്യതി 06.10.2022 | 3 |
| 2008-2009 | കെ.എസ്.എ.എം.പി.എം.10/2032/2022(7), തീയ്യതി 06.10.2022 | 5 |
| 2009-2010 & 2010-2011 | കെ.എസ്.എ.എം.പി.എം.10/2032/2022(8), തീയ്യതി 06.10.2022 | 7 |
| 2011-2012 & 2012-2013 | എൽ.എഫ്.എം.24/629/15, തീയ്യതി 04.09.2015 | 18 |
| 2013-14 & 2014-15 | എൽ.എഫ്.എം.24/2062/16, തീയ്യതി 21.06.2017 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.10/1536/2017, തീയ്യതി 21.02.2018 | 19 |
| 2016-17 | കെ.എസ്.എ.എം.പി.എം.10/2264/2017, തീയ്യതി 28.07.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.10/2780/2018, തീയ്യതി 04.06.2019 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.10/565/2021, തീയ്യതി 28.06.2021 | 14 |
| 2019-20 | കെ.എസ്.എ.എം.പി.എം.10/1628/2022, തീയ്യതി 30.05.2022 | 21 |
| 2020-21 | കെ.എസ്.എ.എം.പി.എം.10/1629/2022, തീയ്യതി 30.05.2022 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്